"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തിരുവനന്തപുരം ജില്ല - നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. കെ. വിക്രമൻപിള്ള സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.336/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/02/2020**

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 04.10.2018-ലെ ഡി3-26286/16 നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. വിക്രമൻപിള്ള സമർപ്പിച്ച 16.11.2018-ലെ അപ്പീൽ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 14.06.2019-ലെ ഡി3-26286/16 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. വിക്രമൻപിള്ളക്കെതിരെ ജില്ലാ ലോക്കൽ കംപ്ലയിന്റ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടിയിൽ വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് തടഞ്ഞ് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ മേൽ ഉത്തരവിനെതിരെ ശ്രീ. വിക്രമൻപിള്ള പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

1997-ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ ചട്ടം 5 ഉപചട്ടം (1) പ്രകാരം ഒരു ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി ആരംഭിക്കുവാൻ തീരുമാനിക്കുകയാണെങ്കിൽ അപ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസ് പ്രസ്തുത ഉദ്യോഗസ്ഥന് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ. വിക്രമൻ പിള്ളയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് 28.03.2016-ലെ പഞ്ചായത്തിന്റെ യോഗത്തിന്റെ III (I)-ാം നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ 30.03.2016-ലെ എ4-2926/16 നമ്പർ കാരണം കാണിക്കൽ നോട്ടീസ് നല്കിയിട്ടുള്ളതായും കാണുന്നു. തുടർന്ന് 30.05.2016-ലെ IV (2) പഞ്ചായത്ത് തീരുമാനപ്രകാരം ഭരണസമിതിയെയും ഓഫീസിൽ മേലധികാരികളെയും

അവഹേളിക്കുന്ന തരത്തിലുള്ള ടിയാന്റെ പ്രവർത്തികൾ ഇനി ആവർത്തിക്കരുതെന്ന് താക്കിത് ചെയ്ത് ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 01.06.2016 ൽ എ4-2926/16 നമ്പറായി ശ്രീ.വിക്രമൻ പിള്ളക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുകയും വിവരങ്ങൾ ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. താക്കിത് എന്നത് ചട്ടം 4 (I) പ്രകാരം ചുമത്താവുന്ന ഒരു ശിക്ഷയല്ലെന്ന് കാണുന്നു.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 1997-ലെ കേരള പഞ്ചായത്ത് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരം ശ്രീ. വിക്രമൻ പിള്ളക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ലെന്നും ശിക്ഷ ചുമത്തിയിട്ടില്ലെന്നും കാണുന്നു. ആയതിനാൽ നാവായിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ള 01.06.2016-ലെ എ4-2926/16 നമ്പർ ഉത്തരവും ആയതിന്റെ അടിസ്ഥാനത്തിൽ സേവന പുസ്തകത്തിൽ നടത്തിയിട്ടുള്ള രേഖപ്പെടുത്തലും നിയമാനുസൃതമല്ലെന്ന് കണ്ട് ആയത് റദ്ദ് ചെയ്ത് സേവന പുസ്തകത്തിൽ രേഖപ്പെടുത്തൽ വരുത്തുകയും സെക്രട്ടറി ശ്രീമതി. എൻ.ആർ. ഷീജാമോൾക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നഗരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. എൻ.ആർ.ഷീജാമോൾ 06.08.2016-ൽ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച പരാതിയിൽ ടിയാൾ തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച് വരവേ ടി ഓഫീസിൽ ജൂനിയർ സൂപ്രണ്ടായി ജോലി ചെയ്തിരുന്ന ശ്രീ. കെ.വിക്രമൻപിള്ള ടിയാരിയെക്കുറിച്ച് വളരെയധികം മോശമായ പരാമർശങ്ങൾ നടത്തുകയും ജോലിയിൽ വീഴ്ച വരുത്തുകയും sexual relation പുലർത്താൻ താല്പര്യം ഉണ്ടെന്നറിയിച്ച് പലതവണ സമീപിക്കുകയും ചെയ്തെന്നും ആവശ്യം നിരാകരിക്കുകയും ശക്തമായി പ്രതിഷേധിക്കുകയും ചെയ്തിട്ടും ടിയാൻ പിന്മാറാതെ മോശമായ പരാമർശങ്ങൾ നടത്തുകയും പരിഹസിക്കുകയും ചെയ്യുന്നുവെന്നും ടിയാനെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നും, ആവശ്യപ്പെട്ടിരുന്നു.

2013-ലെ Sexual Harassment of Women at Work Place (Prevention Prohibition and Redressed) Act സെക്ഷൻ 4 (1) അനുസരിച്ച് പത്തോ അതിൽ കൂടുതലും ജീവനക്കാർ പ്രവർത്തിയെടുക്കുന്ന എല്ലാ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേർണൽ കംപ്ലൈന്റ്സ് കമ്മിറ്റി ( I C C ) രൂപീകരിക്കപ്പെടാത്ത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കെതിരായ ലൈഗീക പീഡനം അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിന് ജില്ലകളിൽ ലോക്കൽ കംപ്ലൈന്റ്സ് കമ്മിറ്റി (LCC) ജില്ലാ ഓഫീസർ രൂപീകരിക്കേണ്ടതാണെന്ന് ടി ആക്റ്റിലെ സെക്ഷൻ 6-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. തൊഴിൽ സ്ഥലത്തെ ലൈംഗീക പീഡനം സംബന്ധിച്ച പരാതിയുള്ള ഏതൊരു സ്ത്രീയും പരാതി ICC യിലോ ICC രൂപീകരിച്ചിട്ടില്ലെങ്കിൽ LCC

യിലോ ആണ് നൽകേണ്ടത്.

മേൽ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ആക്ടിലെ സെക്ഷനിലെ വ്യവസ്ഥ അനുസരിച്ച് ശ്രീമതി. ഷീജാമോൾ പരാതി സമർപ്പിക്കേണ്ടത് നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ICC യിലോ I C C രൂപീകരിച്ചിട്ടില്ലെങ്കിൽ ജില്ലാ തലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള L C C യിലുമാണ്. നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ ICC രൂപീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീമതി. ഷീജാമോൾ സമർപ്പിച്ച പരാതി LCC യുടെ പരിഗണനക്കായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അയച്ചു നൽകി.

ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും ബന്ധപ്പെട്ടവരെ നേരിൽകേട്ടും തിരുവനന്തപുരം LCC തയ്യാറാക്കിയ റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന ശുപാർശകൾ നൽകിയിരുന്നു.

- പരാതിക്കാരിയുടെ അന്തസ്സിനെ ഹനിച്ചുകൊണ്ട് അവരുടെ ജോലി സ്ഥലം ഹോസ്റ്റൽ ആക്കി മാറ്റിയതിനാൽ എതിർകക്ഷിക്ക് എഴുത്തുവഴി ഒരു കർശന താക്കീത് നൽകുക.
- ഇനി പരാതിക്കാരിയോടോ പരാതിക്കാരിയെക്കുറിച്ചോ അവരുടെ സ്ത്രീ സാക്ഷികളെ കുറിച്ചോ മോശമായ രീതിയിൽ പരാമർശിക്കരുത് എന്ന് ഉത്തരവിടണം. ഇനി ഇതുപോലെ ഉണ്ടായാൽ അത് തുടർച്ചയായ ലൈംഗീക അതിക്രമമായി കണക്കാക്കുന്നതാണ്.
- എതിർകക്ഷിയുടെ ഇൻക്രിമെന്റ് (നോൺ ക്യുമുലേറ്റീവ്) ഒരു വർഷത്തേക്ക് തടയുക.

മേൽ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ശ്രീ. വിക്രമൻ പിള്ളയുടെ വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് തടഞ്ഞത് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. എൻ.ആർ. ഷീജാമോൾ ഓഫീസിൽ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിലെ വീഴ്ചകൾ സംബന്ധിച്ച് പരാതി പരിശോധിക്കുകയും ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് കൈക്കലാക്കുന്നതിന് ആക്രി ലേലം നടത്തിയതുൾപ്പെടെയുള്ള ക്രമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയെന്ന പരാതിയിന്മേലുള്ള സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം ശ്രീമതി. ഷീജാമോൾക്കെതിരെ അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. വിക്രമൻപിള്ളക്കെതിരെ ശ്രീമതി. ഷീജമോൾ

സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും ബന്ധപ്പെട്ടവരെ നേരിൽകേട്ടും തിരുവനന്തപുരം ജില്ലാ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി നൽകിയ റിപ്പോർട്ടിലെ ശുപാർശ പ്രകാരമാണ് ശ്രീ. കെ. വിക്രമൻപിള്ളയുടെ വാർഷിക ഇൻക്രിമെന്റ് (നോൺ ക്യുമുലേറ്റീവ്) ഒരു വർഷത്തേക്ക് തടഞ്ഞത് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും ശ്രീമതി. എൻ.ആർ. ഷീജമോൾക്കെതിരായ ആരോപണങ്ങളിന്മേൽ പഞ്ചായത്ത് ഡയറക്ടർ അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും ശ്രീ. കെ. വിക്രമൻപിള്ള സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. കെ. വിക്രമൻപിള്ള, മുൻ ജൂനിയർ സൂപ്രണ്ട്, നാവായിക്കുളം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/57/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ